# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നടപടി ഉത്തരവ്

(ഹാജർ: വി. ഭാസ്കരൻ)

വിഷയം: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - 2015-ലെ പൊതുതിരഞ്ഞെടുപ്പ് - ത്രിതല പഞ്ചായത്തുകൾ - ചെലവ് കണക്ക് സമർപ്പിക്കാത്ത/പരിധിയിൽ കൂടുതൽ ചെലവ് ചെയ്ത സ്ഥാനാർത്ഥികളെ അയോഗ്യരാക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ. ബി1-8950-2017-സംതിക. തീയതി: 20.12.2017

ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ് ചെലവിന്റെ കണക്കുകൾ ശരിയായി സൂക്ഷിക്കാനും തിരഞ്ഞെടുപ്പിന് ശേഷം നിശ്ചിത സമയ പരിധിക്കുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പ്രസ്തുത ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാനും ബാദ്ധ്യസ്ഥനാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 85, 86 വകുപ്പുകൾ അനുശാസിക്കുന്നു. നിശ്ചിത സമയപരിധിക്കുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നതും തിരഞ്ഞെടുപ്പിന് നിശ്ചിത പരിധിയിൽ കൂടുതൽ ചെലവ് ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ട് 33-ാം വകുപ്പ് പ്രകാരം കമ്മീഷന് ഒരാളെ അയോഗ്യനായി പ്രഖ്യാപിക്കുന്നതിനുള്ള കാരണമാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2015 നവംബർ 2, 5 തീയതികളിൽ നടന്ന പൊതുതിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് മത്സരിച്ച സ്ഥാനാർത്ഥികൾ സമർപ്പിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകളും ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ വിവരവും നിശ്ചിത ഫാറത്തിൽ ഉൾപ്പെടുത്തി കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കമ്മീഷൻ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സമർപ്പിക്കുന്നതിന് വീഴ്ച വരുത്തിയ/പരിധിയിൽ കൂടുതൽ ചെലവ് ചെയ്തതായി കണ്ട സ്ഥാനാർത്ഥികളോട് കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 33-ാം വകുപ്പ് പ്രകാരം അയോഗ്യരാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിനും ഇത് സംബന്ധിച്ച നിവേദനം സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ 59(5) ചട്ട പ്രകാരം രേഖാമൂലം രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. നോട്ടീസ് കൈപ്പറ്റാത്തവർക്ക് 1996-ലെ കേരള പഞ്ചായത്ത് രാജ് (നോട്ടീസ് നൽകേണ്ട രീതി) ചട്ടങ്ങൾ പ്രകാരം വീണ്ടും നോട്ടീസ് നടത്തിയിട്ടുണ്ട്. നോട്ടീസ് കൈപ്പറ്റിയ ശേഷം ചെലവ് കണക്ക് യഥാസമയം സമർപ്പിക്കാതിരുന്നതിന് മതിയായ കാരണങ്ങൾ നൽകി ചെലവ് കണക്ക് സമർപ്പിച്ചവർക്കെതിരെയുള്ള നടപടികൾ കമ്മീഷൻ അവസാനിപ്പിച്ചിട്ടുള്ളതാണ്.

3. എന്നാൽ, ഇതോടൊപ്പമുള്ള പട്ടികയിൽ പേര് ചേർക്കപ്പെട്ടവർ മേൽപ്പറഞ്ഞ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയിട്ടും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയും അപ്രകാരമുള്ള വീഴ്ചയ്ക്ക് മതിയായ കാരണമോ ന്യായമോ ബോധിപ്പിക്കാതിരിക്കുകയോ തിരഞ്ഞെടുപ്പിന് നിർണ്ണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ ചെലവാക്കുകയോ ചെയ്തതായി കമ്മീഷന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

4. ആയതിനാൽ, ഇതോടൊപ്പമുള്ള പട്ടികയിൽ പേര് ചേർത്തിരിക്കുന്നവർ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 33-ാം വകുപ്പനുസരിച്ച്, നിർണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് ബോധിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്നും അപ്രകാരമുള്ള വീഴ്ചയ്ക്ക് മതിയായ കാരണമോ ന്യായീകരണമോ ഇല്ലായെന്നും അഥവാ തിരഞ്ഞെടുപ്പിന് നിർണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ടെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോധ്യപ്പെട്ട സാഹചര്യത്തിൽ അവർ അംഗമായി തുടരുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിനോ അയോഗ്യരാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം ഇപ്രകാരം പട്ടികയിൽ പേര് ചേർക്കപ്പെട്ടവർക്ക് ഈ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേയ്ക്ക് അയോഗ്യത ഉണ്ടായിരിക്കുന്നതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

വി. ഭാസ്കരൻ
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ